साहित्य अकादेमी
रवीन्द्र भवन, 35 फीरोज़शाह मार्ग, नई दिल्ली-110 001
तार : साहित्यकार, दूरभाष : 2338 6626-28
फैक्स : 091-11-2338 2428
Sahitya Akademi
(National Academy of Letters)
Rabhindra Bhavan, 35 Ferozeshah Road, New Delhi 110001
Gram: Sahityakar, Phone: 2338 6626-28
Fax: 091-11-2338 2428 E-mail: secy@ndb.vsnl.net.in
website: http://www.sahitya-akademi.gov.in

17.08.2011

പത്രക്കുറിപ്പ്:

# പുതിയ അനുഭവങ്ങൾ തേടിയുള്ള പര്യവേഷണമാണ് സാഹിത്യം

## എം.ടി.വാസുദേവൻനായർ

എഴുത്തുകാർ ജീവിതത്തിലെ പുതിയ വെല്ലുവിളികളെ നേരിടാൻ ബാദ്ധ്യസ്ഥരാണെന്നും സമൂഹത്തിലെ രോഗങ്ങളെ ചികിത്സിക്കാനുള്ള വൈദ്യന്മാരല്ല എഴുത്തുകാരെന്നും എം.ടി.വാസുദേവൻനായർ അഭിപ്രായപ്പെട്ടു. കേന്ദ്ര സാഹിത്യ അക്കാദമിയുടെ *അഭിവ്യക്തി*-സാഹിത്യസംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എഴുത്ത് ഉപജീവനത്തിനുള്ള ഒരു തൊഴിലല്ല. അതൊരു പര്യവേഷണമാണ്. ജീവിതത്തിൽ പുതിയതെന്തെങ്കിലും വേണമെന്ന് അവർ ആഗ്രഹിക്കുന്നു. ജീവിതം പൂർണ്ണമായി ഇതുവരെ ഒരു സാഹിത്യത്തിലും ചിത്രീകരിക്കപ്പെട്ടിട്ടില്ല. ഈ ഭൂഗോളത്തിൽ ജീവൻ നിലനിൽക്കുന്നിടത്തോളം എഴുത്തുകാർ പൂർണ്ണതയെ തേടിക്കൊണ്ടിരിക്കും. ശിവനോട് പാർവ്വതി ആവശ്യപ്പെട്ടത് തികച്ചും നൂതനവും രസിപ്പിക്കുന്നതും സത്യസന്ധവുമായ കഥ പറയുവാനാണ്. അങ്ങനെയൊക്കെയാണ് ഏറെക്കുറെ നമ്മുടെ എഴുത്തുകാരും ആഗ്രഹിക്കുന്നത്. ഭൂമിയിൽ ജീവിതം നിലനിൽക്കുന്നിടത്തോളം കഥ തുടർന്നുകൊണ്ടേയിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സുനിൽ ഗംഗോപാദ്ധ്യായ അദ്ധ്യക്ഷതവഹിച്ചു. പ്രൊഫ. എം.തോമസ് മാത്യു ആമുഖപ്രഭാഷണം നടത്തി. കേരള സാഹിത്യ അക്കാദമിയുടെ ഉപഹാരം അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ സുനിൽ ഗംഗോപാദ്ധ്യായ, വിശ്വനാഥ് പ്രസാദ് തിവാരി, അഗ്രഹാര കൃഷ്ണമൂർത്തി എന്നിവർക്ക് സമർപ്പിച്ചു. റീത ബോറോ (ബോഡോ), രതി സക്സേന (ഹിന്ദി), ബി.ആർ.ലക്ഷ്മൺ റാവു (കന്നഡ), ആറ്റൂർ രവിവർമ്മ (മലയാളം), രാജേന്ദ്ര കിഷോർ പണ്ഡ (ഒറിയ), പ. സത്യമോഹൻ (തമിഴ്), എൻഡ്ലൂരി സുധാകർ (തെലുങ്ക്) എന്നിവർ കവിതകൾ അവതരിപ്പിച്ചു. അഗ്രഹാര കൃഷ്ണമൂർത്തി സ്വാഗതവും വിശ്വനാഥ് പ്രസാദ് തിവാരി നന്ദിയും പറഞ്ഞു. തുടർന്ന് കേരള കലാമണ്ഡലം അവതരിപ്പിച്ച ദുശ്ശാസനവധം കഥകളി അരങ്ങേറി.

രാവിലെ നടന്ന വിവർത്തകരുടെ സംഗമത്തിൽ വിശ്വനാഥ് പ്രസാദ് തിവാരി അദ്ധ്യക്ഷതവഹിച്ചു. പുരസ്കാരജേതാക്കൾ അവരുടെ രചനാനുഭവങ്ങൾ പങ്കുവെച്ചു. അനുപമ ദത്ത സൈക്യ (ആസ്സാമിസ്), ശ്യാമൾ ഭട്ടാചാര്യ (ബംഗാളി), ഉത്രിസർ കുൻങ്കുർ ബസുമതാരി (ബോഡോ), പ്രകാശ് പ്രേമി (ഡോഗ്രി), ഇര പാണ്ഡേ (ഇംഗ്ലീഷ്), അരുണ ജഡേജ (ഗുജറാത്തി), ശങ്കർലാൽ പുരോഹിത് (ഹിന്ദി), എ. ജാനകി (കന്നഡ), അബ്ദുൾ ഗനി ബൈഗ് അത്തർ (കാശ്മീരി), അൽക സിനൈ അസോൾഡേക്കർ (കൊങ്കണി), നിത്യാനന്ദ്ലാൽ ദാസ് (മൈഥിലി), പന്മന രാമചന്ദ്രൻനായർ (മലയാളം), എൽ.ബിരേന്ദ്രകുമാർ ശർമ്മ (മണിപ്പുരി), സരോജ് അരവിന്ദ് ദേശ് പാണ്ഡേ (മറാഠി), താരാപതി ഉപാദ്ധ്യായ് (നേപ്പാളി), പ്രേംഗോർക്കി (പഞ്ചാബി), ശങ്കർ സിംഗ് രാജപുരോഹിത് (രാജസ്ഥാനി), എച്ച്. ആർ.വിശ്വാസ (സംസ്കൃതം), ശോഭനാത് ബേസ്ര (സന്താളി), പാരു ചൗള (സിന്ധി), നിർമാല്യ (തമിഴ്), ജില്ലേല ബാലാജി (തെലുങ്ക്), മഹേർ മൻസൂർ (ഉർദു) എന്നിവർ പങ്കെടുത്തു.

കെ.ശ്രീനിവാസ റാവു

ഡെപ്യൂട്ടി സെക്രട്ടറി